നടപ്പിൽവരുത്താനായി 15 ലക്ഷം രൂപ മതിപ്പുചെലവു വരുന്ന ഒരു പദ്ധതി എന്നിവ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ട്.

98 (724) കുളനട പഞ്ചായത്തിൽ വഴിയോര വിശ്രമകേന്ദ്രം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിൽ പന്തളം പാലത്തിന് സമീപത്തുള്ള പുറംപോക്ക് സ്ഥലത്ത് വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കുളനട വഴിയോര വിശ്രമകേന്ദ്രത്തിന്റെ പണി ഈ വർഷത്തിൽത്തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കുളനട പഞ്ചായത്തിൽ ഒരു വഴിയോര വിശ്രമകേന്ദ്രം പണിയുന്നതിനുള്ള നിർദ്ദേശം പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കി ടൂറിസം വകുപ്പിന് അയച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്.

(സി) വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം എന്നത് കേന്ദ്രസഹായം ലഭിക്കാവുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം ആദ്യം ടൂറിസം വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നിർദ്ദേശം സ്ഥലത്തിന്റെ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) സ്ഥലം ലഭ്യമാവുമെന്ന് ഉറപ്പായശേഷം ധനസഹായത്തിനായി കേന്ദ്രഗവൺമെന്റിനെ സമീപിക്കുന്നതാണ്. അത് ലഭ്യമാവുന്നമുറയ്ക്ക് പണി ആരംഭിക്കാനാവും.

99 (725) മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-97, 1998-99 എന്നീ വർഷങ്ങളിൽ മലപ്പുറം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രവർത്തനങ്ങൾക്കായി എന്തു തുക വകയിരുത്തിയിരുന്നു;

(ബി) ഓരോ വർഷവും എന്തു തുകവീതം ചെലവഴിച്ചു;

(സി) അനുവദിച്ച മുഴുവൻ തുകയും വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly